**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 741** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വീട് പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കാലപ്പഴക്കം കൊണ്ട് ദുർബലമായ വീടുകൾ പുനർനിർമ്മിക്കാൻ പട്ടികജാതി -പട്ടികവർഗ്ഗക്കാർക്കായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ എന്നറിയിക്കാമോ; | (എ) | കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സ്വന്തമായോ വിവിധ വകുപ്പുകൾ മുഖാന്തിരമോ ഭവനനിർമ്മാണം നടത്തിയിട്ട് പൂർത്തീകരിക്കാൻ കഴിയാതെ പോയ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ പൂർത്തീകരിക്കുന്നതിന് പരമാവധി 1.5 ലക്ഷം രൂപ വരെ അനുവദിക്കുന്ന ഭവന പൂർത്തീകരണ പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. വിവിധ പുനരധിവാസ പദ്ധതികളിലൂടെ ഭൂമി ലഭ്യമാകുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേന വീട് അനുവദിക്കുന്നുണ്ട്. കൂടാതെ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പൂർത്തീകരിക്കാൻ കഴിയാതെ പോയ വീടുകളുടെ നവീകരണത്തിനും, പുനരുദ്ധാരണത്തിനുമായി 1.5 ലക്ഷം രൂപ വരെ അനുവദിക്കുന്നുണ്ട്. |
| (ബി) | സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത പട്ടികജാതി വിഭാഗക്കാർക്ക് സ്ഥലം വാങ്ങാൻ ഫണ്ട് അനുവദിക്കാൻ കഴിയുമോ എന്നറിയിക്കാമോ? | (ബി) | സ്വന്തമായി ഭൂമി ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി പട്ടികജാതി വികസന വകുപ്പിൽ നിന്ന് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നു. ലൈഫ് മിഷനും, തദ്ദേശ സ്വയംഭരണ വകുപ്പും തയ്യാറാക്കിയ ലൈഫ് ലിസ്റ്റിൽ നിന്നും വീടിന് അർഹരായ ഗുണഭോക്താക്കൾക്ക് മുൻഗണനാക്രമം അനുസരിച്ച് ഫണ്ട് അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ